(ഐ) പരിശീലനത്തിനായി അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) 2001-2002 അദ്ധ്യായന വർഷം മുതൽ കംപ്യൂട്ടർ പഠനം 7-ാം ക്ലാസ്സ് മുതൽ പാഠ്യ പദ്ധതിയുടെ ഭാഗമാക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ഇതിനായി ഏതാണ്ട് അൻപതിനായിരത്തിലേറെ കംപ്യൂട്ടറുകൾ വേണ്ടിവരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇവ താഴെ പറയുന്ന മാർഗ്ഗങ്ങളിലൂടെ ലഭ്യമാക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

1. എയ്ഡഡ് സ്കൂളുകളിൽ ബന്ധപ്പെട്ട മാനേജ്മെന്റ്/പി.ടി.എ. മുഖേന.
2. പഞ്ചായത്തുകൾ വഴി.
3. സർക്കാർ നേരിട്ട്.
4. കേന്ദ്ര സഹായം വഴി.
5. കംപ്യൂട്ടർ ബാങ്ക് വഴി (സംഭാവന ആയി ലഭിക്കുന്ന കംപ്യൂട്ടറുകൾ)

(ഡി) ഇല്ല.

(ഇ) ഇത്തരമൊരു ചർച്ച നടത്തിയിട്ടില്ല.

(എഫ്) 'സി' വിഭാഗം ഉത്തരത്തിന്റെ വെളിച്ചത്തിൽ പ്രസക്തിയില്ല.

(ജി) ഉപയോഗിച്ച കംപ്യൂട്ടറുകൾ സ്വീകരിക്കാവുന്നതാണ്. പെന്റിയം 11 എന്ന മോഡലെങ്കിലും വേണമെന്ന് നിഷ്ക്കർഷിക്കുവാൻ ഉദ്ദേശിക്കുന്നു.

(എച്ച്) ഉണ്ട്. കഴിഞ്ഞ വർഷം തെരഞ്ഞെടുക്കപ്പെട്ട ആയിരത്തോളം അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഈ വർഷം യു.പി. വിഭാഗത്തിലെ അദ്ധ്യാപകർക്കുള്ള കംപ്യൂട്ടർ പരിശീലനം ആഗസ്റ്റ് മാസത്തോടെ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഐ) കണക്ക്, സയൻസ്, ജ്യോഗ്രഫി എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കാണ് മുൻഗണന നൽകുന്നത്.

എസ്. എസ്. എൽ. സി. ഉത്തരക്കടലാസുകൾ തിരിച്ചു നൽകാൻ നടപടി

14(*104) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. രാജു :
ശ്രീ. ജോസ് ബേബി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) എസ്. എസ്. എൽ. സി. പരീക്ഷയുടെ ഉത്തരക്കടലാസുകൾ വിദ്യാർത്ഥികൾക്ക് തിരിച്ചുനൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും വ്യവസ്ഥകൾ എന്തെല്ലാമെന്നും വെളിപ്പെടുത്തുമോ ;

(സി) വ്യവസ്ഥ ഇല്ലാതെ പരീക്ഷ എഴുതിയ മുഴുവൻ വിദ്യാർത്ഥികൾക്കും ഉത്തരക്കടലാസ് തിരിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസിന്റെ ഫോട്ടോ കോപ്പി ആവശ്യപ്പെടുന്ന പരീക്ഷാർത്ഥികൾക്ക് നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്.

(ബി) എസ്.എസ്.എൽ.സി. പരീക്ഷാഫലം പ്രഖ്യാപിക്കുന്നതിനോട് അനുബന്ധിച്ച് പരീക്ഷാ സെക്രട്ടറി നിശ്ചയിക്കുന്ന സമയപരിധിക്കകം പരീക്ഷാർത്ഥികൾക്ക് ഉത്തര പേപ്പറിന്റെ ഫോട്ടോകോപ്പി കിട്ടുന്നതിലേയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഒരു പേപ്പറിന് നിശ്ചയിച്ചിരിക്കുന്ന ഫീസ് 100 രൂപയാണ്. ഫീസ് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ അടച്ച്, പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിക്ക് തിരുവനന്തപുരത്തു മാറത്തക്ക രീതിയിൽ ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റ് സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷകളെല്ലാം കൂടി ക്രോഡീകരിച്ച് ബന്ധപ്പെട്ട കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിൽ എത്തിച്ച ശേഷം അവിടെ നിന്നും അപേക്ഷാനുസരണമുള്ള ഉത്തര പേപ്പറിന്റെ ഫോട്ടോ കോപ്പിയെടുത്ത് അയച്ചു കൊടുക്കുന്നതിനുള്ള സംവിധാനമാണ് ഉണ്ടാക്കിയിരിക്കുന്നത്.

(സി) യാതൊരു വ്യവസ്ഥയുമില്ലാതെ പരീക്ഷ എഴുതിയ എല്ലാ വിദ്യാർത്ഥികൾക്കും അവരവർ എഴുതിയ ഉത്തര പേപ്പറിന്റെ ഫോട്ടോകോപ്പിയോ ഉത്തരക്കടലാസോ എടുത്തു നൽകുക പ്രായോഗികമല്ല.

വിവര സാങ്കേതിക വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കാൻ നടപടി

15(*105) ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വിദ്യാഭ്യാസ മേഖലയെ സമഗ്രമായി പരിഷ്കരിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly